# അക്കാദമിക് മാസ്റ്റർപ്ലാൻ

## ജി.യു.പി സ്കൂൾ ആനക്കയം  ക്ലാസ് 3

## <u>മലയാളം</u>

**<u>ലക്ഷ്യങ്ങൾ:-</u>**

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എൻെറ കുട്ടികൾ എല്ലാവരും,

● സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
● കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
● രചനകൾ ഭവാത്മകമായി വായിക്കും.
● ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻ പാട്ട്, കടങ്കഥ, പഴഞ്ചൊല്ല്...മുതലായവ ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
● ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)
● കഥകളെയും കവിതകളേയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്ക്കരിക്കും.
● ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്ക്കരിക്കും (വിവരണം, സംഭാഷണം)

**<u>ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ:-</u>**

**<u>ജൂൺ - ജൂലായ്</u>**

**1. കനകച്ചിലങ്ക**

● നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
● പഴഞ്ചൊല്ലുകൾ ശേഖരണം

● കഥാശേഖരം -ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
● നാടൻ പാട്ടിലെയും കവിതയിലയും താളം (കവിത ചൊല്ലൽ ശില്പശാല)
● കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)

● കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്

● കലയിലെ കേമൻ -  കലാകാരനെ പരിചയപ്പെടാം - അഭിമുഖസംഭാഷണം
● കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം

● പാവ നാടകത്തെ അടുത്തറിയാം -  ശില്പശാല

●
●

**<u>ആഗസ്റ്റ്, സെപ്തംബർ</u>**

**2. പലഹാരപ്പൊതി**

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
- നാടക ശില്പശാല
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ മാതൃകകൾ
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ
-
-
-

**സി പി ടി എ ഒന്നാം മികവുത്സവം**

നാടോടിക്കഥകളുടെ അവതരണം
നാടൻ പാട്ടുകളുടെ അവതരണം
പാവനാടകം അവതരണം,

**<u>ഒക്ടോബർ</u>**

**3. മനുഷ്യന്റെ കൈകൾ**

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം
- കുട്ടിക്കളികൾ:_ കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം,  പതിപ്പ്
- നാടൻ പാട്ട് ശില്പശാല
-
-